# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:246** **13.03.2020-ൽ മറുപടിയ്ക്ക്**

## മത്സ്യവിത്തുകളുടെ ഉല്പാദന വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ഷാനിമോൾ ഉസ്മാൻ<br>ശ്രീ.വി.ഡി.സതീശൻ<br>,, എം. വിൻസെന്റ്<br>,, ടി.ജെ. വിനോദ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

എ) ഇന്ത്യയിലെ മൊത്തം മത്സ്യോല്പാദനത്തിന്റെ എഴുപത്തിയൊന്ന് ശതമാനവും ഉൾനാടൻ ജലാശയങ്ങളിൽ നിന്നും ആയിരിക്കെ സംസ്ഥാനത്തിന്റെ സംഭാവന ഇരുപത്തിയെട്ട് ശതമാനം മാത്രമാണെന്നത് വസ്തുതയാണോ എന്ന് വ്യക്തമാക്കാമോ;

എ) ആണ്. 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ ആകെ മത്സ്യോല്പാദനം 6,72,767 മെട്രിക് ടൺ ആണ്. ഇതിൽ ഉൾനാടൻ മത്സ്യോല്പാദനം 1,89,081 മെട്രിക് ടൺ ആണ്. ഇത് ആകെ ഉല്പാദനത്തിന്റെ 28% ആണ്. 2018-19 സാമ്പത്തിക വർഷത്തിൽ ആകെ മത്സ്യോല്പാദനം 8,01,757 മെട്രിക് ടൺ ആണ്. ഇതിൽ ഉൾനാടൻ മത്സ്യോല്പാദനം 1,92,027 മെട്രിക് ടൺ ആണ്. ഇത് ആകെ ഉല്പാദനത്തിന്റെ 24% ആണ്.

ബി) നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യതക്കുറവ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നമാണോ; എങ്കിൽ മത്സ്യവിത്തുകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ബി) കേരളത്തിന്റെ മത്സ്യകൃഷിയുടെ പ്രധാന പരിമിതി, മതിയായ അളവിൽ ഗുണമേൻമയുള്ള മത്സ്യവിത്തിന്റെ അഭാവമാണ്. ഈ കാലയളവിലെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് മത്സ്യവിത്തുകളുടെ ഉൽപാദനത്തിൽ കേരള സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കുക എന്നതാണ്. സംസ്ഥാനത്ത് മത്സ്യകൃഷിക്ക് ആവശ്യമായ മത്സ്യവിത്ത് ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുതിയ മത്സ്യവിത്തു ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി 50 കോടിയോളം രൂപയുടെയും ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി 26 കോടിയോളം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതു കൂടാതെ മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും ദൈനംദിന നടത്തിപ്പിനും പ്രവർത്തനങ്ങൾ

ക്കമായി കഴിഞ്ഞ 4 വർഷ കാലയളവിൽ 22 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വർഷം മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും നിർമ്മാണത്തിനായി 9 കോടി രൂപയും ദൈനംദിന നടത്തിപ്പിനും പ്രവർത്തനങ്ങൾക്കുമായി 7 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ മത്സ്യകൃഷി പ്രവർത്തനങ്ങൾക്കായി 12 കോടി മത്സ്യവിത്തുകൾ ആവശ്യമുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ ഫലമായി ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന മത്സ്യവിത്തിന്റെ ഉല്പാദനശേഷി 2.44 കോടിയിൽ നിന്നും 7.88 കോടിയായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

ഗുണമേൻമയുള്ള മത്സ്യവിത്താണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നതെന്നും കർഷകർക്ക് വിതരണം ചെയ്യുന്നതെന്നും ഉറപ്പാക്കുന്നതിന് സംസ്ഥാന മത്സ്യവിത്തുകേന്ദ്രം കൊല്ലം തേവള്ളിയിലും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രമാക്കി മൂന്ന് പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളും സ്ഥാപിച്ച് പ്രവർത്തനങ്ങളാരംഭിച്ചു. മത്സ്യവിത്തുല്പാദന കേന്ദ്രങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ്, മത്സ്യവിത്തിന്റെ പരിശോധന, 2014-ലെ മത്സ്യവിത്തു നിയമം ലംഘിച്ച് പ്രവർത്തിക്കുന്നവർക്ക് എതിരെ ശിക്ഷാനടപടികൾ സ്വീകരിക്കൽ മുതലായവയാണ് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രവും പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളും നിർവ്വഹിച്ചു വരുന്നത്.

**സെക്ഷൻ ആഫീസർ**